ചിറ്റൂർ മുൻ എംഎൽഎ കെ. അച്യുതൻ അന്തരിച്ചു



ചിറ്റൂർ: മുതിർന്ന കോൺഗ്രസ് നേതാവും ചിറ്റൂർ മുൻ എം.എൽ.എയുമായ കെ. അച്യുതൻ (76) അന്തരിച്ചു. വാർധക്യസഹജമായ അസുഖങ്ങളെത്തുടർന്ന് ചികിത്സയിലിരിക്കെയാണ് അന്ത്യം.

1996 മുതൽ 2016 വരെ ചിറ്റൂർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച് നിയമസഭാംഗമായിരുന്നു. ചിറ്റൂർ-തത്തമംഗലം നഗരസഭാ ചെയർമാനായും തത്തമംഗലം സർവീസ് സഹകരണ ബാങ്കിന്റെ പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്. ചിറ്റൂർ എം.എൽ.എ സുമേഷ് അച്യുതൻ മകനാണ്.

സ്ഥാപിതം
1964

സ്വതന്ത്രമണ്ഡപം
Independent Daily
പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com വാള്യം: 62 ലക്കം: 152 2026 സെപ്തംബർ 07 തിങ്കൾ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

ഇന്ത്യക്ക് എത്ര എണ്ണ വേണമെങ്കിലും നൽകാൻ തയാറാണെന്ന് റഷ്യ

ന്യൂഡൽഹി: ഇന്ത്യക്ക് ആവശ്യാനുസരണം എത്ര എണ്ണ വേണമെങ്കിലും നൽകാൻ തങ്ങൾ തയാറാണെന്ന് ഇന്ത്യയിലെ റഷ്യൻ അംബാസഡർ ഡെനിസ് അലിപോവ് വ്യക്തമാക്കി. റഷ്യൻ ക്രൂഡ് ഓയിൽ വാങ്ങുന്നതുമായി ബന്ധപ്പെട്ട് അമേരിക്കൻ ഭരണകൂടത്തിൽ നിന്നും കടുത്ത താരിഫ് ഭീഷണികൾ നിലനിൽക്കുന്ന പശ്ചാത്തലത്തിലാണ് ഈ നിർണായക പ്രസ്താവന പുറത്തുവന്നിരിക്കുന്നത്. സത്യസന്ധമായ സഹകരണത്തിന് പകരം അമേരിക്ക സമ്മർദ്ദ തന്ത്രങ്ങളാണ് പയറ്റുന്നതെന്നും, ഇന്ത്യക്ക് റഷ്യയേക്കാൾ മികച്ച കരാറുകൾ വാഗ്ദാനം ചെയ്യുന്നതിൽ നിന്ന് മറ്റ് രാജ്യങ്ങളെ ഇത് തടസ്സപ്പെടുത്തുന്നുവെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

യുക്രെയ്ൻ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ റഷ്യൻ എണ്ണ വാങ്ങുന്ന ഇന്ത്യക്കെതിരെ യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ നേതൃത്വത്തിലുള്ള ഭരണകൂടം 50 ശതമാനം താരിഫ് ചുമത്തുകയും, റഷ്യൻ എണ്ണയും പ്രകൃതി വാതകവും വാങ്ങുന്ന പ്രധാന രാജ്യങ്ങൾക്കുമേൽ 100 ശതമാനം വരെ താരിഫ് ഏർപ്പെടുത്തുന്ന ബില്ലിന് നീക്കം നടത്തുകയും ചെയ്തിരുന്നു. പിന്നീട് ഹുർമുസ് കടലിടുക്കിലെ ഉപരോധം കാരണം യു.എസ് താത്കാലിക ഇളവുകൾ നൽകിയിരുന്നുവെങ്കിലും, റഷ്യൻ എണ്ണ വ്യാപാരം പൂർണമായി തടയാൻ വാഷിങ്ടൺ നിരന്തരമായ ശ്രമങ്ങളാണ് നടത്തുന്നത്. എന്നാൽ ഈ അമേരിക്കൻ സമ്മർദ്ദങ്ങളെല്ലാം തള്ളിക്കളഞ്ഞുകൊണ്ട് മോസ്കോ ഇന്ത്യയുമായുള്ള ഊർജ സഹകരണം തുടരുമെന്ന് ആവർത്തിച്ചു വ്യക്തമാക്കി.

റഷ്യൻ എണ്ണയെ ആഗോള വിപണിയിൽ നിന്ന് ഒഴിവാക്കിയാൽ ലോകത്തിന് അത് താങ്ങാൻ കഴിയില്ലെന്നും, ഇന്ത്യക്കായും മറ്റ് രാജ്യങ്ങൾക്കായും റഷ്യൻ എണ്ണ വിപണിയിൽ സജീവമായി ഉണ്ടാകുമെന്നും അലിപോവ് വ്യക്തമാക്കി. ഇന്ത്യ എണ്ണ വാങ്ങാൻ താല്പര്യം പ്രകടിപ്പിക്കുമ്പോഴും റഷ്യ അത് നൽകാൻ പൂർണ സന്നദ്ധതയിലാണ്. സ്വന്തം ജനങ്ങളുടെ ഊർജ ആവശ്യങ്ങൾക്കാണ് ഇന്ത്യ എപ്പോഴും മുൻഗണന നൽകുന്നതെന്നും, പ്രതിസന്ധികൾക്കിടയിലും സ്വന്തം ദേശീയ താൽപ്പര്യങ്ങൾ ഉറച്ചുനിന്ന് സംരക്ഷിക്കാൻ ഇന്ത്യക്ക് കഴിഞ്ഞിട്ടുണ്ടെന്നും റഷ്യൻ അംബാസഡർ പ്രശംസിച്ചു.

കയ്പമംഗലം വാഹനാപകടം: വിദ്യാർത്ഥികൾ മദ്യപിച്ചിരുന്നെന്ന് ഫോറൻസിക് പരിശോധനയിലും കണ്ടെത്തൽ

തൃശൂർ: കയ്പമംഗലത്ത് വാഹനാപകടത്തിൽ മരിച്ച വിദ്യാർത്ഥികൾ ലഹരി ഉപയോഗിച്ചിരുന്നതായി കണ്ടെത്തൽ. പോസ്റ്റ്മോർട്ടത്തിൽ ഇതുസംബന്ധിച്ച സൂചന ലഭിച്ചതിന് പിന്നാലെ ഗവ.മെഡിക്കൽ കോളേജ് ആശുപത്രിയിൽ നടത്തിയ ഫോറൻസിക് പരിശോധനയിലാണ് വിദ്യാർത്ഥികൾ മദ്യപിച്ചിരുന്നെന്ന് കണ്ടെത്തിയിരിക്കുന്നത്. വിദ്യാർത്ഥികൾ മദ്യപിച്ചിരുന്നതായാണ് പ്രാഥമിക നിഗമനമെന്ന് പോസ്റ്റ്മോർട്ടത്തിന് നേതൃത്വം നൽകിയ ഫോറൻസിക് വിഭാഗം മേധാവി ഡോ. ഹിതേഷ് ശങ്കർ വ്യക്തമാക്കിയിരുന്നു.

അപകടത്തിൽപെട്ട കാർ അമിതവേഗത്തിലായിരുന്നുവെന്നാണ് നിഗമനം. അപകടത്തിന്റെ ആഘാതത്തിൽ എല്ലുകളും രക്തക്കുഴലുകളും വരെ പൊട്ടിയിരുന്നു. വിദ്യാർത്ഥികളിൽ ഒരാളായിരുന്നു ഡ്രൈവർ. വിശദ പരിശോധനകൾക്കായി രക്തസാമ്പിളുകൾ കാക്കനാട്ടെ കെമിക്കൽ എക്സാമിനർ ലാബിലേക്ക് അയച്ചു. രാസലഹരി ഉപയോഗത്തെ കുറിച്ചും പരിശോധനകൾ നടത്തുന്നുണ്ട്.

'രാജിവയ്ക്കാൻ ഉദ്ദേശിക്കുന്നില്ല'; സർക്കാരുമായി അഭിപ്രായ വ്യത്യാസമില്ലെന്ന് കെ ജയകുമാർ



തിരു: തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് സ്ഥാനം രാജിവയ്ക്കുമെന്ന വാർത്തകൾ തള്ളി കെ ജയകുമാർ. കാലാവധി പൂർത്തിയാക്കിയിട്ടേ സ്ഥാനം ഒഴിയുകയുള്ളൂവെന്ന് കെ ജയകുമാർ മാദ്ധ്യമങ്ങളോട് പറഞ്ഞു. 2027 നവംബർ വരെ സ്ഥാനത്ത് തുടരുമെന്നും അദ്ദേഹം വ്യക്തമാക്കി.

'മന്ത്രിയും ഞങ്ങളുമായി ഒരു പ്രശ്നവുമില്ല. എന്തെങ്കിലും പ്രശ്നം ഉണ്ടെങ്കിൽ അത് പറഞ്ഞുതീർക്കും. അല്ലാതെ രാജിവയ്ക്കേണ്ട ആവശ്യമില്ല. ഇപ്പോൾ ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ തിരക്കിലാണ്. മന്ത്രിയുടെ ഓഫീസ് ഞങ്ങളുടെ പ്രവർത്തനങ്ങളിൽ ഇടപെട്ടിട്ടില്ല.

പ്രചരിക്കുന്ന വാർത്തകൾ അടിസ്ഥാനരഹിതമാണ്. വേറെ പ്രശ്നങ്ങളൊന്നും ഇപ്പോൾ ഇല്ല. കാര്യങ്ങൾ ഭംഗിയായി പോകുന്നുണ്ട്. ശബരിമല തീർത്ഥാടനം തുടങ്ങാൻ പോകുകയാണ്. അതിന് ഒരുപാട് ക്രമീകരണങ്ങൾ ചെയ്യാനുണ്ട്. മന്ത്രിക്ക് ഗാർഡിനെ ചോദിച്ചാൽ കൊടുക്കാം. അതിൽ തെറ്റില്ല. എനിക്ക് അവിടെ ഒരു ഗാർഡ് ഉണ്ട്. അവിടെ പോകുമ്പോൾ ഗാർഡ് ഒപ്പം വരാറുണ്ട്. ഞാൻ രാജിസന്നദ്ധ അറിയിച്ചുവെന്ന തരത്തിൽ വാർത്തകൾ വരുന്നുണ്ട്. അത് തെറ്റാണ്. സർക്കാരുമായി ഒരു അഭിപ്രായവ്യത്യാസവും എനിക്കില്ല'- കെ ജയകുമാർ പറഞ്ഞു.

ദേവസ്വം മന്ത്രി കെ മുരളീധരന്റെ തുടർച്ചയായ വിമർശനത്തിന് പിന്നാലെ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് കെ ജയകുമാർ രാജിസന്നദ്ധത അറിയിച്ചെന്നായിരുന്നു കഴിഞ്ഞദിവസം പുറത്തുവന്ന വാർത്ത. ഭരണസമിതി അംഗങ്ങളോട് രാജി സന്നദ്ധത അറിച്ചെന്നും റിപ്പോർട്ട് ഉണ്ടായിരുന്നു. പിന്നാലെയാണ് ഇതിനെ തള്ളി കെ ജയകുമാർ തന്നെ ഇപ്പോൾ രംഗത്തെത്തിയിരിക്കുന്നത്.

ആർത്താറ്റ് വാഹനാപകടം; കാറിലുണ്ടായിരുന്ന 3 പേർ റിമാൻഡിൽ

കുന്നംകുളം: ആർത്താറ്റ് വാഹനാപകടം; ദമ്പതികളും കുഞ്ഞും മരിച്ച സംഭവത്തിൽ കാറിലുണ്ടായിരുന്ന മൂന്ന് പേർ റിമാൻഡിൽ. ശനിയാഴ്ച രാത്രി 12 മണിയോടെയായിരുന്നു അപകടം നടന്നത്.. ചാവക്കാട് എടക്കഴിയൂർ സ്വദേശികളായ മുനീർ, ഭാര്യ ഷിഫ്ന, ഇവരുടെ മൂന്ന് വയസ്സുള്ള മകൻ എമിൽ ഐബക് എന്നിവർ അപകടത്തിൽ മരിച്ചിരുന്നു.

പ്രിയ വർഗീസിന്റെ നിയമനം സുപ്രീംകോടതിയിൽ നിലപാട് മാറ്റാൻ കണ്ണൂർ സർവ്വകലാശാല അഭിഭാഷകനെ മാറ്റി

ന്യൂഡൽഹി: അസോസിയേറ്റ് പ്രഫസർ തസ്തികയിലേക്കുള്ള പ്രിയാ വർഗീസിന്റെ നിയമനവുമായി ബന്ധപ്പെട്ട സുപ്രീം കോടതി കേസിൽ കണ്ണൂർ സർവകലാശാലയുടെ നിർണായക നീക്കം. കേസ് നാളെ സുപ്രീം കോടതി പരിഗണിക്കാനിരിക്കെ സർവകലാശാല അഭിഭാഷകനെ മാറ്റി. പ്രിയ വർഗീസിന് അനുകൂലമായി സ്വീകരിച്ചിരുന്ന നിലപാടും കണ്ണൂർ സർവകലാശാല മാറ്റും.

സിപിഎം കണ്ണൂർ ജില്ലാ സെക്രട്ടറി കെ.കെ. രാഗേഷിന്റെ ഭാര്യ പ്രിയാ വർഗീസിന്റെ കേസിൽ മുൻ എസ്എഫ്ഐ നേതാവ് കെ.ആർ. സുഭാഷ്ചന്ദ്രൻ ആണ് കണ്ണൂർ സർവകലാശാലയ്ക്കുവേണ്ടി ഹാജരായിരുന്നത്. എസ്എഫ്ഐയിൽ രാഗേഷും സുഭാഷും ഒരേ കാലയളവിൽ പ്രവർത്തിച്ചവരാണ്. നിലവിൽ സിപിഎമ്മിന്റെ അഭിഭാഷക സംഘടനയുടെ സജീവ പ്രവർത്തകൻ കൂടിയാണ്.

അസോസിയേറ്റ് പ്രഫസർ തസ്തികയിലേക്കുള്ള പ്രിയ വർഗീസിന്റെ നിയമനം നിയമപരമായിരുന്നുവെന്ന് വ്യക്തമാക്കി സർവകലാശാല സത്യവാങ്മൂലം ഫയൽചെയ്തിരുന്നു. പ്രിയയ്ക്ക് നിയമനത്തിനുള്ള യോഗ്യതയുണ്ടെന്നും സർവകലാശാല വ്യക്തമാക്കിയിരുന്നു.

കണ്ണൂർ സർവകലാശാല നിലപാട് സുപ്രീം കോടതിയിലെ കേസിൽ നിർണായകമാണ്. നിലപാട് മാറ്റത്തിന് മുന്നോടിയായാണ് സുപ്രീം കോടതിയിലെ അഭിഭാഷകനെ സർവ്വകലാശാല മാറ്റിയത്. സുപ്രീം കോടതിയിലെ സംസ്ഥാന സർക്കാരിന്റെ സ്റ്റാൻഡിങ് കൗൺസൽ സുൽഫിക്കർ അലി ആണ് സർവകലാശാലയുടെ പുതിയ അഭിഭാഷകൻ.

തിടുക്കപ്പെട്ടുള്ള ഈ അഭിഭാഷക മാറ്റം പ്രിയ വർഗീസിന്റെ കേസിന്റെ പശ്ചാത്തലത്തിൽ ആണെന്നാണ് സൂചന. പ്രിയാവർഗീസിന്റെ നിയമനം സുതാര്യമല്ലെന്നും പ്രിയയ്ക്ക് അവശ്യമായ യോഗ്യത ഇല്ലെന്നുമുള്ള നിലപാട് നാളെ കോടതിയിൽ കണ്ണൂർ സർവകലാശാല അറിയിക്കും.

സംസ്ഥാന സർക്കാരിനുവേണ്ടി നേരത്തെ കേസിൽ ഹാജരായിരുന്നത് സി.കെ. ശശി ആയിരുന്നു. സുപ്രീം കോടതിയിലെ സംസ്ഥാന സർക്കാരിന്റെ സ്റ്റാന്റിങ് കോൺസൽ ജയിംസ് പി. തോമസ് ആകും ഇനി കേരളത്തിനുവേണ്ടി ഹാജരാകുക.

യുവതിയെയും കുഞ്ഞിനെയും കൊന്നത് ഭർത്താവ്, തല അറുത്തത് യന്ത്രം ഉപയോഗിച്ച്, പ്രതി ബംഗാളിലേക്ക് കടന്നു

പാലക്കാട്: അട്ടപ്പാടിയിൽ യുവതിയെയും കുഞ്ഞിനെയും കൊലപ്പെടുത്തിയത് ഭർത്താവാണെന്ന് സ്ഥിരീകരിച്ചു. തോട്ടം തൊഴിലാളിയായ പശ്ചിമബംഗാൾ സ്വദേശിയാണ് പ്രതി. ഇയാൾ കേരളത്തിൽ നിന്ന് ബംഗാളിലേക്ക് കടന്നെന്നാണ് വിവരം. ഭാര്യയോടുള്ള സംശയത്തെത്തുടർന്നാണ് കൊലപാതകം നടത്തിയതെന്നാണ് സൂചന. യുവതിയെയും അഞ്ച് വയസുതോന്നിക്കുന്ന പെൺകുഞ്ഞിന്റെയും ഉടലുകളും തലകളും മൂന്ന് പ്ലാസ്റ്റിക് ചാക്കുകളിൽ കെട്ടി ഉപേക്ഷിക്കുകയായിരുന്നു.

യന്ത്രം ഉപയോഗിച്ച് കഴുത്തറുത്ത രീതിയിലാണ് മൃതദേഹം കണ്ടെത്തിയത്. കോട്ടത്തറ ഭാഗത്തെ കടയിൽ നിന്നാണ് പ്രതി ചാക്ക് വാങ്ങിയതെന്നാണ് വിവരം. പ്രതിക്ക് മറ്റാരുടെയെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോ എന്ന് പൊലീസ് അന്വേഷിക്കുന്നുണ്ട്.

ഇന്നലെ ഉച്ചയ്ക്ക് മൂന്നോടെ പുതൂർ പഞ്ചായത്തിലെ ചീരക്കടവ് ഭാഗത്തെ ഭവാനി പുഴയുടെ തീരത്താണ് മൂന്ന് ഭാഗങ്ങളിൽ നിന്ന് ചാക്ക് കെട്ടുകൾ കണ്ടത്തിയത്. പ്രദേശത്ത് പശുവിനെ മേയ്ക്കാനെത്തിയവരാണ് ഇവ കണ്ടത്. ദുർഗന്ധം വമിച്ചതോടെ ഒരു ചാക്ക് തുറന്നു പരിശോധിച്ചപ്പോഴാണ് മനുഷ്യ ശരീരഭാഗങ്ങളാണെന്ന് മനസിലായത്. ഉടനെ പുതൂർ പൊലീസിനെ വിവരമറിയിക്കുകയായിരുന്നു.

റൺവേയും കടന്ന് റോഡിലേക്ക് ആമസോണിന്റെ ചരക്കുവിമാനം; തീപിടിച്ച് അഞ്ച് മരണം

ഫ്ലോറിഡ: അമേരിക്കയിലെ ഫ്ലോറിഡയിൽ മിയാമി രാജ്യാന്തര വിമാനത്താവളത്തിൽ ആമസോൺ പ്രൈം എയറിനായി സർവീസ് നടത്തുന്ന ബോയിങ് 767 ചരക്കുവിമാനം അപകടത്തിൽപ്പെട്ടു. ലാൻഡിങ്ങിനിടെ റൺവേയിൽ നിന്ന് തെന്നിമാറിയ വിമാനം വിമാനത്താവളത്തിന് പുറത്തുള്ള റോഡിലേക്ക് പതിക്കുകയും തീപിടിക്കുകയുമായിരുന്നു. അപകടത്തിൽ അഞ്ച് പേർ മരിക്കുകയും അഞ്ച് പേർക്ക് പരിക്കേൽക്കുകയും ചെയ്തതായി റിപ്പോർട്ടുകളുണ്ട്.

പ്രാദേശിക സമയം, ഞായറാഴ്ച ഉച്ചയ്ക്ക് രണ്ട് മണിയോടെയാണ് അപകടമുണ്ടായത്. പ്യൂർട്ടോ റിക്കോയിലെ സാൻ ഹുവാൻ വിമാനത്താവളത്തിൽ നിന്ന് പുറപ്പെട്ട '21 എയർ ഫ്ലൈറ്റ് 7598' എന്ന വിമാനമാണ് അപകടത്തിൽപ്പെട്ടത്. റൺവേ കടന്ന് എയർപോർട്ടിന് പുറത്തുള്ള റോഡിലേക്ക് കടന്ന വിമാനം നിരവധി വാഹനങ്ങളിലിടിക്കുകയും തുടർന്ന് തീപിടിക്കുകയുമായിരുന്നു. പരിക്കേറ്റവരിൽ മൂന്ന് പേരുടെ നില ഗുരുതരമാണെന്നാണ് റിപ്പോർട്ടുകൾ.

മിയാമി-ഡേഡ് ഫയർ റെസ്ക്യൂ ടീമിന്റെ 60-ലധികം യൂണിറ്റുകളും ഇരുനൂറോളം രക്ഷാപ്രവർത്തകരും ഉടൻതന്നെ എത്തി രക്ഷാപ്രവർത്തനവും തീയണയ്ക്കാനുള്ള ശ്രമങ്ങളും ആരംഭിച്ചു. കോക്പിറ്റിൽ കുടുങ്ങിപ്പോയ പൈലറ്റിനെയും കോ-പൈലറ്റിനെയും ഏറെ പണിപ്പെട്ടാണ് പുറത്തെടുത്തത്. എയർട്രാഫിക് കൺട്രോൾ റെക്കോർഡിംഗുകൾ പ്രകാരം ലാൻഡിംഗിന് മുൻപ് പൈലറ്റുമാർ അടിയന്തര സന്ദേശങ്ങളൊന്നും നൽകിയിരുന്നില്ല. അപകടത്തെ തുടർന്ന് മിയാമി വിമാനത്താവളത്തിലെ മുഴുവൻ റൺവേകളും താത്കാലികമായി അടച്ചിട്ടു. വിമാന സർവീസുകളും നിർത്തിവച്ചു.

ഏകദേശം 32 വർഷത്തോളം പഴക്കമുള്ള ബോയിങ് 767 വിമാനം മുൻപ് യാത്രാവിമാനമായിരുന്നു. പിന്നീടിത് ചരക്കുവിമാനമായി മാറ്റുകയായിരുന്നു. അപകടത്തിന്റെ കാരണം വ്യക്തമല്ല. ഫ്ലൈറ്റ്റാഡാർ24 ൽ നിന്നുള്ള ഡാറ്റ പ്രകാരം റൺവേ വിട്ട് റോഡിലേക്ക് കടന്നപ്പോൾ മണിക്കൂറിൽ ഏകദേശം 130 മൈൽ വേഗതയിലായിരുന്നു. സംഭവത്തിൽ ഫെഡറൽ ഏവിയേഷൻ അഡ്മിനിസ്ട്രേഷനും നാഷണൽ ട്രാൻസ്പോർട്ടേഷൻ സേഫ്റ്റി ബോർഡും അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

രമ്യയ്ക്കെതിരെ പുതിയ ആരോപണം

തിരു : ചിറയൻകീഴ് എംഎൽഎ രമ്യ ഹരിദാസും കോൺഗ്രസ് പ്രവർത്തകരുമായുള്ള തമ്മിലടിയുമായി ബന്ധപ്പെട്ട് പുതിയ വിവാദം. കെപിസിസിയുടെ അച്ചടക്ക സമിതിയെ രമ്യ ഹരിദാസ് തെറ്റിദ്ധരിപ്പിച്ചതായാണ് ഉയരുന്ന പുതിയ ആരോപണം. തർക്കവുമായി ബന്ധപ്പെട്ട വിവരശേഖരണത്തിനായി ഹാജരാകാൻ പാർട്ടി നിയോഗിച്ച അന്വേഷണ കമ്മീഷൻ ആവശ്യപ്പെട്ടപ്പോൾ താൻ ഡൽഹിയിലേക്ക് പോകുന്നുവെന്നാണ് രമ്യ അറിയിച്ചത്. ഡൽഹിയിലെ ഔദ്യോഗിക പരിപാടികളിലും ഫരീദാബാദിലെ സെമിനാറിലും പങ്കെടുക്കുമെന്നും ഇതിനായി കേരള ഹൗസിൽ മുറി ബുക്ക് ചെയ്തിട്ടുണ്ടെന്നുമാണ് എം.എം ഹസൻ അദ്ധ്യക്ഷനായ മൂന്നംഗ അന്വേഷണ സമിതിയെ രമ്യ അറിയിച്ചിരുന്നത്. എന്നാൽ രമ്യ ഇന്നലെ പാലക്കാട് ഉണ്ടായിരുന്നുവെന്ന വാർത്തകളാണ് പുറത്തുവന്നത്. ഇന്നലെ രാത്രി 7.20നുള്ള വിമാനത്തിൽ രമ്യ ഡൽഹിക്ക് പോകുമെന്നാണ് അറിയിച്ചിരുന്നത് എന്നാൽ പാലക്കാട് ഡി സി സി പ്രസിഡന്റ് എ തങ്കപ്പന്റെ വീട്ടിലെ ചടങ്ങിൽ എംഎൽഎ പങ്കെടുത്ത ദൃശ്യങ്ങളാണ് പുറത്തുവന്നത്.

വിമാനത്താവളത്തിലെത്തിയ കേരള ഹൗസിന്റെ വാഹനം രമ്യ എത്താത്തതിനെത്തുടർന്ന് തിരികെ പോകുകയായിരുന്നു. രമ്യ പുലർച്ചെ വരെ പാലക്കാട് ഉണ്ടായിരുന്നതായി സ്ഥിരീകച്ചിട്ടുണ്ട്. ഇന്നലെ എഐസിസി ജനറൽ സെക്രട്ടറി കെ സി വേണുഗോപാലുമായും രമ്യ കൂടിക്കാഴ്ച നടത്തിയതായാണ് വിവരം. ഡൽഹി യാത്രയുടെ പേരിൽ കോൺഗ്രസ് നേതൃത്വത്തെയും അന്വേഷണ കമ്മീഷനെയും കബളിപ്പിച്ചാണ് രമ്യ പാലക്കാട് ചടങ്ങിനെത്തിയതെന്നാണ് ഉയരുന്ന ആരോപണം.

കോടതി പരസ്യം
ബഹു. തൃശ്ശൂർ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ മുമ്പാകെ
C.C. 387 /2026

ജോയ് വി.ടി, S/o തോമസ്, വടക്കൻ ഹൗസ്, ബി.എസ്. എസ്. റോഡ്, തൊയക്കാവ് പി.ഒ, തൃശ്ശൂർ ജില്ല, പിൻ- 680513
-ഹർജിക്കാരൻ

1. സുനിൽ സി.കെ, ഡയറക്ടർ, M/s Pooram Finserv Pvt Ltd, S/o കൃഷ്ണൻ, ചോഴിയാംകുന്നത്ത് ഹൗസ്, പൂത്തോൾ പി.ഒ, തൃശ്ശൂർ ജില്ല, പിൻ - 680004
2. പ്രിയ സുനിൽ, ഡയറക്ടർ, M/s Pooram Finserv Pvt Ltd, W/o സുനിൽ, ചോഴിയാംകുന്നത്ത് ഹൗസ്, പൂത്തോൾ പി.ഒ, തൃശ്ശൂർ ജില്ല, പിൻ - 680004

-4, 5 എതൃകക്ഷികൾ

മേൽനമ്പർ കേസിൽ 4, 5 എതൃകക്ഷികൾക്കുള്ള നോട്ടീസ് പത്രത്തിൽ പരസ്യം ചെയ്യുവാൻ ഉത്തരവായി മേൽനമ്പർ കേസ് **21-12-2026** തീയ്യതിയി ലേക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. മേൽനമ്പർ കേസിൽ എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് ബഹുമാനപ്പെട്ട കമ്മീഷൻ മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം ടിയാരെ കൂടാതെ മേൽനമ്പർ ഹർജി തീർപ്പു കൽപ്പിക്കുന്നതാണന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന് 05-09-2026
ഹർജി ഭാഗം അഡ്വക്കെറ്റ്
K.M.SHYJU (ഒപ്പ്)

സ്ത്രീകളെ അപമാനിച്ചാൽ കടുത്ത നടപടിയെന്ന് വിജയ്; തൃഷയ്ക്കെതിരായ പരാമർശത്തിൽ ഉദയനിധിക്ക് മുന്നറിയിപ്പ്

ചെന്നൈ: സ്ത്രീകളെ മോശമായി ചിത്രീകരിക്കുകയോ അപമാനിക്കുകയോ ചെയ്താൽ നിയമം അതിന്റെ വഴിക്ക് പോകുമെന്നും ശക്തമായ നടപടിയുണ്ടാകുമെന്നും തമിഴ്നാട് മുഖ്യമന്ത്രി വിജയ് നിയമസഭയിൽ വ്യക്തമാക്കി. പ്രതിപക്ഷ നേതാവ് ഉദയനിധി സ്റ്റാലിൻ നടി തൃഷയ്ക്കെതിരെ നടത്തിയ വിവാദ ദ്വയാർഥ പരാമർശങ്ങളുടെ പശ്ചാത്തലത്തിലായിരുന്നു മുഖ്യമന്ത്രിയുടെ പ്രതികരണം. സഭയിൽ ആരുടെയും പേരെടുത്ത് പറയാതെയായിരുന്നു വിജയ്യുടെ വിമർശനം.

ഭരണഘടന നൽകുന്ന ആവിഷ്കാര സ്വാതന്ത്ര്യം എങ്ങനെയാണ് ഉപയോഗിക്കേണ്ടതെന്ന് നാമെല്ലാവരും ആത്മപരിശോധന നടത്തണമെന്നും അദ്ദേഹം പറഞ്ഞു. നമ്മുടെയെല്ലാം വീടുകളിൽ അമ്മമാരും സഹോദരിമാരുമുണ്ടെന്നും പൊതുവേദിയിൽ ഇത്തരം ദ്വയാർഥ വാക്കുകൾ ഉപയോഗിക്കുന്നത് ജനങ്ങൾ കാണുന്നുണ്ടെന്നും വിജയ് പറഞ്ഞു.

സംസ്ഥാനത്തിന്റെ വികസനത്തിന് ക്രമസമാധാനപാലനം അത്യാവശ്യമാണെന്നും പോലീസ് സേനയെ വെറും അറസ്റ്റ് ചെയ്യാനുള്ള ഒരു ഏജൻസിയായി മാത്രം കാണരുതെന്നും മുഖ്യമന്ത്രി സഭയിൽ കൂട്ടിച്ചേർത്തു. നിയമം പാലിക്കുന്നവർക്ക് പോലീസ് സുഹൃത്തും അല്ലാത്തവർക്ക് ശത്രുവുമായിരിക്കും. പോലീസിന്റെ ഔദ്യോഗിക കാര്യങ്ങളിൽ മുഖ്യമന്ത്രിയോ മന്ത്രിമാരോ മറ്റ് ഉദ്യോഗസ്ഥരോ ഇടപെടാൻ പാടില്ലെന്ന നിലപാടാണ് തനിക്കുള്ളതെന്നും വിജയ് വ്യക്തമാക്കി.

നടിയും വിജയ്യുടെ അടുത്ത സുഹൃത്തുമായ തൃഷയെ ലക്ഷ്യംവെച്ച് ഉദയനിധി സ്റ്റാലിൻ ദ്വയാർഥ പരാമർശം നടത്തിയെന്ന കേസിൽ കഴിഞ്ഞ മാസം ഉദയനിധി സ്റ്റാലിനെ പോലീസ് അറസ്റ്റ് ചെയ്തിരുന്നു. പിന്നീട് സ്റ്റേഷൻ ജാമ്യത്തിൽ വിട്ടയച്ചെങ്കിലും വിജയ് സർക്കാരിന്റേത് രാഷ്ട്രീയ പ്രതികാരമാണെന്നായിരുന്നു ഉദയനിധിയുടെ പ്രതികരണം.

കോടതി പരസ്യം
ബഹു. തൃശ്ശൂർ മുൻസിഫ് കോടതി മുമ്പാകെ
OS: 3016/2018
IA No: 4/2023

ടി എൽ വിൽസൺ
-ഹരജിക്കാരൻ

ജയ D/o നാരായണൻ, രാല വിഹാർ ഹൗസ്, കോലഴി പി ഒ., തൃശൂർ
-8-ാം എതൃകക്ഷി

മേൽ നമ്പർ കേസിൽ 8-ാം എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചു നടത്താൻ അനുവദിച്ച് മേൽ നമ്പർ കേസ് **22-09-2026** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് ബഹു. കോടതി മുമ്പാകെ നേരിട്ടോ അഡ്വക്കെറ്റ് മുഖാന്തിരമോ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 5-09-2026
വിധിഉടമഭാഗം അഡ്വക്കെറ്റ്
പ്രതീഷ് പി വർഗ്ഗീസ്
(ഒപ്പ്)

കോടതി പരസ്യം
ബഹു. തൃശ്ശൂർ രണ്ടാം അഡീഷ്ണൽ മുൻസിഫ് കോടതി മുമ്പാകെ
EP No: 989/2022

ശ്രീരാം ട്രാൻസ്പോർട്ട് ഫൈനാൻസ് കമ്പനി
-വിധി ഉടമ

ഷാജി എ കെ S/o. കൃഷ്ണൻ, ഐരാട്ട് ഹൗസ്, വേമ്പല്ലൂർ പി ഒ., പടിഞ്ഞാറെ വേമ്പല്ലൂർ വില്ലേജ്, കൊടുങ്ങല്ലൂർ താലൂക്ക്, തൃശൂർ
-3-ാം വിധി കടക്കാരൻ

മേൽ നമ്പർ കേസിൽ 3-ാം വിധി കടക്കാരനുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്താൻ അനുവദിച്ച് മേൽ നമ്പർ കേസ് **09-09-2026** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് ബഹു. കോടതി മുമ്പാകെ നേരിട്ടോ അഡ്വക്കെറ്റ് മുഖാന്തിരമോ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 5-09-2026
വിധിഉടമഭാഗം അഡ്വക്കെറ്റ്
മോജോ സി ജെ (ഒപ്പ്)

RNI No. 7675/1964, Edited, Printed & Published by A. Mohammed at Mangalodayam Printers Printers, Thrissur-4

ഗുരുവന്ദനം 2K26

ഇരിങ്ങാലക്കുട : സെന്റ് മേരീസ് ഹൈസ്കൂളിൽ ഗുരുവന്ദനം 2K26 പ്രൗഢ ഗംഭീരമായി ആഘോഷിച്ചു. പി ടി എ പ്രസിഡന്റ് ബൈജു കൂവപറമ്പിൽ അധ്യക്ഷനായിരുന്ന യോഗത്തിൽ സ്കൂൾ മാനേജർ വെരി.റവ.ഫാ. ഡോ. പ്രൊഫ. ലാസർ കുറ്റിക്കാടൻ ഉദ്ഘാടനവും അനുഗ്രഹ പ്രഭാഷണവും നിർവ്വഹിച്ചു. ഹെഡ്മിസ്ട്രസ് റീജ ജോസ് സ്വാഗതം ആശംസിച്ചു. കത്തീഡ്രൽ ട്രസ്റ്റി ടോണി ചെറിയാടൻ സ്കൂൾ മാനേജർ വെരി.റവ. ഡോ. പ്രൊഫ. ലാസർ കുറ്റിക്കാടൻ അച്ചനെ പൊന്നാട അണിയിക്കുകയും പി ടി എ പ്രസിഡന്റ് ബൈജു കൂവപറമ്പിൽ മൊമെന്റോ നൽകിയും ആദരിച്ചു. സ്തുത്യർഹ സേവനത്തിനു ശേഷം സർവ്വീസിൽ നിന്നും വിരമിച്ച ഗുരുഭൂതരെ സ്കൂൾ മാനേജർ പൊന്നാട അണിയിക്കുകയും ഹെഡ് മിസ്ട്രസ് റീജ ജോസ് മൊമെന്റോ നൽകിയും ആദരിച്ചു. ഹെഡ് മിസ്ട്രസ് റീജ ജോസിനെ സ്കൂൾ മാനേജർ വെരി. റവ.ഫാ.ഡോ. പ്രൊഫ. ലാസർ കുറ്റിക്കാടൻ പൊന്നാട അണിയിക്കുകയും പി ടി എ പ്രസിഡന്റ് ബൈജു കൂവപറമ്പിൽ മൊമെന്റോ നൽകിയും ആദരിച്ചു. പ്രിൻസിപ്പാൾ ആൻസൺ ഡൊമിനിക്കിനെ സ്കൂൾ മാനേജർ പൊന്നാട അണിയിക്കുകയും ഹെഡ് മിസ്ട്രസ് റീജ ജോസ് മൊമെന്റോ നൽകിയും ആദരിച്ചു. 2026- 27 അധ്യയന വർഷം സർവീസിൽ നിന്നും വിരമിക്കുന്ന ശ്രീമതി മിജി ജോർജ് ടീച്ചറെയും മാനേജരച്ചൻ പൊന്നാട നൽകിയും പി ടി എ പ്രസിഡന്റ് മൊമെന്റോ നൽകിയും ആദരിച്ചു. മറ്റെല്ലാ അധ്യാപകർക്കും പി ടി എ പ്രസിഡന്റും എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പേഴ്സും ചേർന്ന് മൊമെന്റോ നൽകി ആദരിച്ചു. പ്രിൻസിപ്പാൾ ആൻസൻ ഡൊമിനിക്ക്, ഫസ്റ്റ് അസിസ്റ്റന്റ് ലിറ്റി കെ പി, പി ടി എ വൈസ് പ്രസിഡന്റ് അജോ ജോൺ,ഒ എ സ് എ പ്രസിഡന്റ് ജിയോ പോൾ ഊക്കൻ, സ്കൂൾ ലീഡർ മാസ്റ്റർ ദേവസൂര്യ എം ജെ എന്നിവർ ആശംസകൾ അർപ്പിച്ചു. പി ടി എ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ നിന്നും പിരിഞ്ഞു പോയ (ജോസി റോയ്, ലിൽസി ജെൻസൺ, സുറുമി നസീർ എന്നിവരെ സ്കൂൾ മാനേജർ മൊമെന്റോ നൽകി ആദരിച്ചു. സർവീസിൽ നിന്നും വിരമിച്ച പ്രധാനാധ്യാപകൻ സി കെ പോൾ, ഡെപ്യൂട്ടി ഹെഡ്മിസ്ട്രസ് സി ഡിമേഴ്സി എന്നിവരുടെ മറുപടി പ്രസംഗം സദസ്സിനെ പുളകം കൊള്ളിച്ചു. കൺവീനർ അൽഫോൻസ എ പി കൃതജ്ഞത അർപ്പിച്ചു.

രാഘവൻ പൊഴേകടവിലിന്റെ ജീവചരിത്ര ഡോക്യുമെന്ററി

കാറളം: മുൻ എംഎൽഎ രാഘവൻ പൊഴേകടവിലിന്റെ ജീവചരിത്ര ഡോക്യുമെന്ററിയുടെ സ്വിച്ച് ഓൺ കർമം അഡ്വ തോമസ് ഉണ്ണിയാടൻ എം എൽഎ നിർവഹിച്ചു. കോൺഗ്രസ് കാറളം മണ്ഡലം പ്രസിഡന്റ് ബാസ്റ്റിൻ ഫ്രാൻസിസ് അധ്യക്ഷത വഹിച്ചു.

കോൺഗ്രസ് നേതാക്കളായ എം കെ അബ്ദുൽസലാം, സി എൻ ഗോവിന്ദൻകുട്ടി, ആന്റോ പെരുമ്പിള്ളി, വി വി മുരളി, തങ്കപ്പൻ പാറയിൽ, തിലകൻ പൊയ്യാറ, കെ ബി ഷമീർ, പ്രീത, വി ഡി സൈമൺ ട്രസ്റ്റ് ഭാരവാഹികളായ പി എസ് നീതു, സുഭാഷ് ലാൽ എന്നിവർ പ്രസംഗിച്ചു.

കോടതി പരസ്യം

തൃശ്ശൂർ മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രൈബ്യൂണൽ കോടതി മുമ്പാകെ

OPMV 1828/2011
EP 42/2026

The New India Assurance Co Ltd Thrissur

-ഹർജിക്കാർ

Jisha, 531 A, Mudatholi House, Nattika, Thrissur 680566

-എതൃകക്ഷി

മേൽ നമ്പ്രിൽ എതൃകക്ഷിക്ക് നോട്ടീസ് വാസസ്ഥലത്തും കോടതിയിലും പതിച്ചു നടത്താൻ അനുവദിച്ച് മേൽ നമ്പ് കേസ് **1-10-2026** തിയ്യതിക്ക് വച്ചിരിക്കുന്നു. ടി കാര്യത്തിൽ എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അന്നേ ദിവസം ബഹു.കോടതിയിൽ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിങ്ങളെ കൂടാതെ കേസ് തീർപ്പ് കല്പിക്കുന്നതായിരിക്കും എന്ന് ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന് 1-9-2026
ഹർജിഭാഗം അഡ്വക്കേറ്റ്
സി ആർ തോമസ് (ഒപ്പ്)

COURT NOTICE
BEFORE THE HONOURABLE MACT COURT IRINJALAKKUDA

OP (MV): 540/2021

Nidhish

-Petitiner

P.S. Sandeep,
S/o. Sukumaran,
Puthenveedu House,
Kainur P.O., Kainur
Thrissur

-Respondent No.2

The afforesaid Respondent take notice, the above petition is posted for appearance on **08-09-2026** at 11.00 am before this Tribunal, you are here by orderd to appear either in person or through pleader or someone authorised by law to appear on behalf of you, to answer the said petition and to submit objections if any, failing which the said petition will be heared and decided ex-parte.

Date: 5/09/2026
Advocate for Petitioner
P K JOHN (Sd/-)

പാസ്പോർട്ട് നഷ്ടപ്പെട്ടു

ഞാൻ എറണാകുളം-കൊച്ചി പാസ്പോർട്ട് ഓഫീസിൽ നിന്നും AB-625308 നമ്പറായി ഒരു പാസ്പോർട്ട് വിദേശത്ത് പോകുന്നതിനായി 22-5-2025 വർഷത്തിൽ എടുത്തിരുന്നതാണ്. എന്നാൽ കുറച്ചു ദിവസങ്ങൾക്ക് മുമ്പ് കുറ്റിച്ചിറയിൽ നിന്നും ചാലക്കുടിക്ക് പോകുന്ന യാത്രയിൽ വെച്ച് എന്റെ പാസ്പോർട്ട് നഷ്ടപ്പെട്ടിട്ടുള്ളതാണ്. എന്റെ പാസ്പോർട്ട് കണ്ടുകിട്ടുന്നവർ താഴെ കൊടുത്തിരിക്കുന്ന എന്റെ വിലാസത്തിലോ ഫോൺ നമ്പറിലോ അറിയിക്കണമെന്ന് അപേക്ഷിക്കുന്നു.

വിലാസം:
സുധീഷ്കുമാർ വി കെ
S/o. ജോസ് വി ഡി.
വടക്കുംമ്പാടൻ വീട്,
കുറ്റിച്ചിറ ദേശം, കുറ്റിച്ചിറ പി ഒ., പിൻ-680724
Contact: 7356179157

കുറ്റിച്ചിറ,
5-9-2026

രണ്ട് കുട്ടികളിൽ ഷിഗെല്ല സ്ഥിരീകരിച്ചു

തൃശൂർ: കടുത്ത വയറുവേദനയും, പനിയും, ഛർദ്ദിയും പിടിപെട്ട് തൃശൂർ ഗവ: മെഡിക്കൽ കോളേജിൽ ചികിത്സയിൽ കഴിഞ്ഞിരുന്ന രണ്ട് കുട്ടികളിൽ ഷിഗല്ലെ ബാക്ടീരിയ സ്ഥിരീകരിച്ചു

ബംഗാൾ സ്വദേശിനിയായ 2 വയസുള്ള ആൺകുട്ടിയിലും, തദ്ദേശീയനായ 9 വയസുള്ള പെൺകുട്ടിയിലുമാണ് രോഗബാധ .ഇവരെ പ്രത്യേക നിരീക്ഷണ വാർഡിലേക്ക് മാറ്റി.

മലിനമായ ജലത്തിലൂടെയും, കുടിവെള്ളത്തിലൂടെയും,കേടായതോ, ഈച്ചകൾ കൂട്ടം കൂടിയ ഭക്ഷണത്തിലൂടെയുമാണ് ഷിഗ ല്ലെപിടിപെടുന്നത്.ശുചിത്വമില്ലായ്മയിലൂടെയും, രോഗബാധിതരുമായി നേരിട്ടുള്ള സമ്പർക്കത്തിലൂടെയും രോഗം പടരും.തിളപ്പിച്ചാറ്റിയ വെള്ളം മാത്രം കുടിക്കുകയാണ് പ്രധാന പ്രതിരോധ മാർഗം.ആഹാരത്തിന് മുൻപും, ശേഷവും കൈകൾ സോപ്പ് ഉപയോഗിച്ച് നന്നായികഴുകി ഉപയോഗിക്കണം.

തുറന്നുവെച്ചതും, പഴകിയതുമായഭക്ഷണങ്ങൾ ഒഴിവാക്കണം.പഴങ്ങളും പച്ചക്കറികളും നന്നായി കഴുകി മാത്രം ഉപയോഗിക്കണമെന്നും ആരോഗ്യ വകുപ്പ് നിർദ്ദേശിക്കുന്നു.

നിവേദനം നൽകി

ഇരിഞ്ഞാലക്കുട: ജില്ല രൂപീകരിക്കണമെന്നാവശ്യപ്പെട്ട് ഇരിഞ്ഞാലക്കുട റയിൽവേ സ്റ്റേഷൻ വികസനസമിതി അഡ്വ. തോമസ് ഉണ്ണിയാടൻ എം എൽഎക്കും ഇരിഞ്ഞാലക്കുട മുനിസിപ്പൽ ചെയർമാൻ എം. പി ജാക്സനും നിവേദനം നൽകി.

ജില്ല ആസ്ഥാനം എന്ന നിലയിൽ ഇരിഞ്ഞാലക്കുട റെയിൽവേ സ്റ്റേഷനിലുണ്ടാകുന്ന വികസനപ്രവർത്തനങ്ങൾ ത്വരിതഗതിയിലാകുകയും കൂടുതൽ ട്രെയിനുകൾക്ക് സ്റ്റോപ്പ് ലഭിക്കുകയും ചെയ്യും. മുകുന്ദപുരം, കൊടുങ്ങല്ലൂർ, ചാലക്കുടി താലൂക്കുകൾ ഉൾപ്പെടുത്തി ഇരിഞ്ഞാലക്കുട ജില്ല രൂപീകരിക്കണമെന്നാണ് വികസനസമിതിയുടെ ആവശ്യം. മൂന്ന് താലൂക്കുകളിലും ക്കൂടി പതിനഞ്ചു ലക്ഷത്തിലധികം ജനങ്ങളുണ്ട്. ഇത് വയനാട് ജില്ലയുടെ ജനസംഖ്യയുടെ ഇരട്ടിയോളം വരും. നിലവിൽ കളക്ട്രേറ്റ് ഒഴിച്ച് എല്ലാ ജില്ലാ ആസ്ഥാന ഓഫീസുകളും ഇരിഞ്ഞാലക്കുടയിൽ പ്രവർത്തിക്കുന്നത് ജില്ലാരൂപീകരണ നടപടികൾക്ക് ആക്കം കൂട്ടും.

കേന്ദ്ര റെയിൽവേ മന്ത്രിക്ക് സമർപ്പിക്കുന്ന ഭീമഹർജി ഒപ്പുശേഖരണത്തിന്റെ രണ്ടാം ഘട്ടം വിദ്യാഭ്യാസ വ്യവസായ വാണിജ്യ സ്ഥാപനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് തുടരും.

റെയിൽവേ സ്റ്റേഷൻ വികസനസമിതി പ്രസിഡന്റ് വർഗീസ് പന്തലൂക്കാരൻ, വർക്കിംഗ് പ്രസിഡന്റ് അഡ്വ. കെ. എ ഫ്. ജോസ്, സെക്രട്ടറി സോമൻ ശാരദാലയം, വൈസ് പ്രസിഡന്റുമാരായ അഡ്വ. പാപ്പച്ചൻ വാഴപ്പിള്ളി, ഡേവിസ് തുളുവത്ത്, ജോയിന്റ് സെക്രട്ടറി ഡേവിസ് എടപ്പിള്ളി എന്നിവരാണ് നിവേദക സംഘത്തിലുണ്ടായിരുന്നത്

നിര്യാതനായി

യോഹന്നാൻ

ഇരിങ്ങാലക്കുട: മുരിയാട് -പാറെക്കാട്ടുകര അഴകത്ത് കാവുങ്ങൽ തോമൻ മകൻ യോഹന്നാൻ (64) നിര്യാതനായി. ഭാര്യ-അൽഫോൺസ, മക്കൾ- ജെറിൻ, ജെൻസൻ, ജെസ്റ്റിൻ, മരുമകൾ-ആതിര ജെൻസൻ. സെ.മേരീസ് ദൈവാലയത്തിൽ നടത്തപ്പെട്ടു.

കോടതി പരസ്യം

തൃശ്ശൂർ മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രൈബ്യൂണൽ കോടതി മുമ്പാകെ

OPMV 1828/2011
EP 196/2025

The New India Assurance Co Ltd Thrissur

-ഹർജിക്കാർ

Jisha, 531 A, Mudatholi House, Nattika, Thrissur 680566

-എതൃകക്ഷി

മേൽ നമ്പ്രിൽ എതൃകക്ഷിക്ക് നോട്ടീസ് വാസസ്ഥലത്തും കോടതിയിലും പതിച്ചു നടത്താൻ അനുവദിച്ച് മേൽ നമ്പ് കേസ് **1-10-2026** തിയ്യതിക്ക് വച്ചിരിക്കുന്നു. ടി കാര്യത്തിൽ എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അന്നേ ദിവസം ബഹു.കോടതിയിൽ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിങ്ങളെ കൂടാതെ കേസ് തീർപ്പ് കല്പിക്കുന്നതായിരിക്കും എന്ന് ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന് 1-9-2026
ഹർജിഭാഗം അഡ്വക്കേറ്റ്
സി ആർ തോമസ് (ഒപ്പ്)

ഓണം: പരസ്യ വിപണി കയ്യടക്കി വളപ്പില

ജോൺസ് വളപ്പില
മാനേജിങ് ഡയറക്ടർ

ജെയിംസ് വളപ്പില
മാനേജിങ് ഡയറക്ടർ

പോൾ വളപ്പില
ഡയറക്ടർ

ലിയോ വളപ്പില
ഡയറക്ടർ

തൃശ്ശൂർ: ഓണം പരസ്യ വിപണിയിൽ വമ്പൻ മുന്നേറ്റവുമായി കേരളത്തിലെ പ്രമുഖ പരസ്യ ഏജൻസിയായ വളപ്പില കമ്മ്യൂണിക്കേഷൻസ്. മാധ്യമങ്ങളിലെ പരസ്യസാന്നിധ്യത്തിനൊപ്പം ബിസിനസ് മൂല്യത്തിൽ ഈ ഓണക്കാലത്ത് 20 കോടിയോളം രൂപയുടെ റെക്കോർഡ് ബിസിനസാണ് വളപ്പില സ്വന്തമാക്കിയത്. പ്രിന്റ്, ഡിജിറ്റൽ, ഔട്ട്ഡോർ, റേഡിയോ, ടിവി, സോഷ്യൽ മീഡിയ, തുടങ്ങിയ മുഴുവൻ മീഡിയ പ്ലാറ്റ്ഫോമുകളിലും സമാനതകളില്ലാത്ത പ്രചാരണ തരംഗമാണ് വളപ്പില ഒരുക്കിയത്.

കേരളത്തിലെ മുൻനിര പബ്ലിക്കേഷൻ സ്ഥാപനങ്ങൾക്കും ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾക്കും ഏറ്റവും കൂടുതൽ പരസ്യ വരുമാനം നേടിക്കൊടുക്കുന്ന ഏജൻസിയെന്ന റെക്കോർഡ് കാൽനൂറ്റാണ്ടിനും മേലെയായി വളപ്പില കമ്മ്യൂണിക്കേഷൻസ് നിലനിർത്തുന്നു. വൻകിട ബ്രാൻഡുകളുടെ പരസ്യങ്ങൾ ശരിയായ രീതിയിൽ ലക്ഷ്യസ്ഥാനങ്ങളിൽ എത്തിക്കുന്നതിലുള്ള കൃത്യതയും ക്രിയേറ്റീവ് തന്ത്രങ്ങളുമാണ് ഈ വൻ വിജയത്തിന് പിന്നിൽ പ്രവർത്തിച്ചത്. മീഡിയ പ്ലാനിങ്ങിലുള്ള പ്രഫഷണലിസം ഉപയോഗിച്ച് ബ്രാൻഡുകൾക്ക് പരമാവധി റീച്ച് ഉറപ്പാക്കാൻ കഴിഞ്ഞതാണ് വളപ്പിലയുടെ വിജയരഹസ്യം. ഈ ഓണക്കാലത്ത് നൂറോളം പ്രമുഖ റീട്ടെയിൽ ബ്രാൻഡുകളുടെ ഓണം ക്യാമ്പെയ്നുകൾ വിജയകരമായി പൂർത്തീകരിച്ചത് വളപ്പിലയാണ്. ചെയ്ത പരസ്യങ്ങളിലൂടെ എല്ലാ ക്ലയന്റുകൾക്കും മികച്ച ഓണം ബിസിനസ്സ് ഉണ്ടാക്കിക്കൊടുക്കാൻ സാധിച്ചു എന്നതാണ് തങ്ങളുടെ ഏറ്റവും വലിയ നേട്ടമെന്ന് വളപ്പില കമ്മ്യൂണിക്കേഷൻസ് മാനേജിങ് ഡയറക്ടർ ജെയിംസ് വളപ്പില പറഞ്ഞു.

ദക്ഷിണേന്ത്യയിൽ നിലവിൽ 9 ശാഖകളുള്ള കേരളത്തിലെ മുൻനിര പരസ്യ ഏജൻസിയാണ് വളപ്പില കമ്മ്യൂണിക്കേഷൻസ്. തൃശൂരിലെ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ കോർപ്പറേറ്റ് ഓഫീസും പരസ്യ രംഗത്തെ മികവ് തെളിയിച്ച വിദഗ്ധരായ ടീമും വളപ്പില കമ്യൂണിക്കേഷൻസിന്റെ സേവനങ്ങൾക്ക് കൂടുതൽ കരുത്ത് പകരുന്നു. ബ്രാന്റിംഗ്, മീഡിയ ബയിംഗ്, ഡിജിറ്റൽ മാർക്കറ്റിംഗ്, ഔട്ട്ഡോർ അഡ്വർടൈസിംഗ്, പ്രിന്റ് & പ്രൊഡക്ഷൻ, ഇവന്റ്സ് & പിആർ തുടങ്ങിയ വിഭാഗങ്ങളിലെല്ലാം ഏറ്റവും മികച്ച സേവനങ്ങൾ നൽകിവരുന്ന വളപ്പില കമ്മ്യൂണിക്കേഷൻസ് കേരളത്തിലെ മുഖ്യധാര മാധ്യമങ്ങളുടെ ബിസിനസ് പുരസ്കാരങ്ങളും, ഒപ്പം പരസ്യ രംഗത്തെ നിരവധി ക്രിയേറ്റീവ് പുരസ്കാരങ്ങളും കരസ്ഥമാക്കിയിട്ടുണ്ട്.

ലിക്വർ പെർമിറ്റ് കാർഡ് നൽകി ലഹരിവിമുക്ത കേരളത്തിന് തുടക്കം കുറിക്കണം: മദ്യ വിമോചന മഹാ സഖ്യം

തൃശൂർ: ലഹരിവിമുക്ത കേരളം സാധ്യമാക്കുന്നതിന്റെ ഭാഗമായി ലികർ പെർമിറ്റ് കാർഡ് സംവിധാനം നടപ്പിലാക്കണമെന്ന് മദ്യ വിമോചന മഹാ സഖ്യം സംസ്ഥാന ജനറൽ കൗൺസിൽ യോഗം സർക്കാരിനോട് ആവശ്യപ്പെട്ടു.

തൃശൂർ സെന്റ് തോമസ് കോളേജിൽ ചേർന്ന സംസ്ഥാന ജനറൽ കൗൺസിൽ യോഗം കേരള സർക്കാരിന്റെ 'തൂഫാൻ' പദ്ധതിക്ക് പൂർണ പിന്തുണ പ്രഖ്യാപിച്ചു. ലഹരിവിമുക്ത കേരളമാണ് ലക്ഷ്യമെങ്കിൽ മദ്യവിമോചനവും അതിന്റെ അനിവാര്യ ഘടകമായി സർക്കാർ പരിഗണിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു.യോഗത്തിൽ കൊല്ലം ജില്ലാ പ്രസിഡന്റ് എ കെ പ്രസ്സന്നകുമാർ അധ്യക്ഷത വഹിച്ചു.

കേരളത്തിന്റെ സമഗ്ര പുരോഗതിക്കായി വിവിധ പദ്ധതികൾ ആവിഷ്കരിക്കുന്ന മുഖ്യമന്ത്രി വി. ഡി. സതീശൻ, മദ്യം ഉൾപ്പെടെയുള്ള ലഹരിവസ്തുക്കളിൽ നിന്ന് കേരളത്തെ മോചിപ്പിക്കുന്നതിനുള്ള സമഗ്ര പദ്ധതികൾക്ക് നേതൃത്വം നൽകണമെന്നും യോഗം ആവശ്യപ്പെട്ടു. ഭരണത്തിൽ വന്ന് 100 ദിവസം പിന്നിട്ടിട്ടും സർക്കാർ, മദ്യനയം പ്രഖ്യാപിക്കാത്തത് ആശങ്കാജനകമാണെന്നും യോഗം ചൂണ്ടിക്കാട്ടി.

എ. കെ. ആന്റണിയുടെയും ഉമ്മൻചാണ്ടിയുടെയും മദ്യനയങ്ങളിൽ നിന്ന് വ്യതിചലിച്ച് മദ്യവ്യാപനം വർധിപ്പിച്ച പിണറായി വിജയൻ സർക്കാരിന്റെ പാതയിലേക്കാണ് പുതിയ സർക്കാർ നീങ്ങുന്നതെങ്കിൽ, അതിനേക്കാൾ കനത്ത ജനരോഷവും രാഷ്ട്രീയ പ്രത്യാഘാതങ്ങളും നേരിടേണ്ടിവരുമെന്ന് യോഗം മുന്നറിയിപ്പ് നൽകി.

അരനൂറ്റാണ്ടിലേറെയായി യുഡിഎഫ് പ്രകടനപത്രികകളിൽ ഉൾപ്പെടുത്തിവരുന്ന 'ഘട്ടംഘട്ടമായി മദ്യനിരോധനം' എന്ന വാഗ്ദാനം ഈ അഞ്ചു വർഷത്തെ ഭരണകാലത്തെങ്കിലും നടപ്പിലാക്കാനുള്ള ആർജവം യുഡിഎഫ് സർക്കാർ കാണിക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

മദ്യനിരോധനം നടപ്പിലാക്കുമ്പോൾ സർക്കാരിനുണ്ടാകാനിടയുള്ള സാമ്പത്തികവും ഭരണപരവുമായ എല്ലാ പ്രതിസന്ധികൾക്കും പരിഹാരമാകുന്ന തരത്തിലാണ് മദ്യലഭ്യത കുറിച്ചു കൊണ്ടുവരുന്ന ലികർ പെർമിറ്റ് കാർഡ് സംവിധാനം മദ്യ വിമോചന മഹാ സഖ്യം മുന്നോട്ടുവയ്ക്കുന്നതെന്നും യോഗം വ്യക്തമാക്കി. ഇതു സംബന്ധിച്ച സമഗ്രമായ ജനകീയ നിവേദനം സർക്കാരിന് സമർപ്പിക്കുന്നതിനായി ഒക്ടോബർ രണ്ട് മുതൽ കാസർഗോഡ് നീലേശ്വരത്തുനിന്ന് തിരുവനന്തപുരം സെക്രട്ടേറിയറ്റിലേക്ക് 'ലഹരി വിമോചന കേരള രക്ഷാ പദയാത്ര' നടത്താനും യോഗം തീരുമാനിച്ചു.

സംസ്ഥാന ജനറൽ സെക്രട്ടറി ഇ. എ. ജോസഫ്, സംസ്ഥാന സെക്രട്ടറി ബിന്ദു ജി. മേനോൻ, മലപ്പുറം ജില്ലാ പ്രസിഡന്റ് എൻ. എസ്. ലുഖ്മാൻ, കാസർഗോഡ് ജില്ലാ പ്രസിഡന്റ് പി. വിജയകുമാർ, എറണാകുളം ജില്ലാ ട്രഷറർ കെ. എ. നാസറുദ്ദീൻ, കൊല്ലം ജില്ലാ ട്രഷറർ ഡൊമിനിക് എം. ജി. കൊത്തളത്ത്, കാസർഗോഡ് ജില്ലാ ട്രഷറർ പത്മനാഭൻ അയ്യപ്പൻകോട്ട, മലപ്പുറം ജില്ലാ ജോയിന്റ് സെക്രട്ടറി സ്മിത ബാനു തുടങ്ങിയവർ പ്രസംഗിച്ചു.

വിശ്രമവേളകളെ ഉചിതമായ ഉപയോഗിക്കാൻ വിദ്യാർത്ഥികളെ പരിശീലിപ്പിക്കണം പ്രൊഫസർ സി രവീന്ദ്രനാഥ്

കണ്ടാണശേരി: ഗ്രാമപഞ്ചായത്ത് അധ്യാപക ദിനത്തിന് ഭാഗമായി സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മണലൂർ എംഎൽഎ കൂടിയായ മുൻമന്ത്രി. കണ്ടാണശ്ശേരി പഞ്ചായത്ത് പ്രസിഡണ്ട് സജീവ് എം പി അധ്യക്ഷ വഹിച്ച യോഗത്തിൽ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് സുദീപ സി.കെ കണ്ടാണശ്ശേരി എം എ സ് എം യു പി സ്കൂൾ പ്രധാന അധ്യാപിക സിന്ധു ടീച്ചർ .പഞ്ചായത്ത് അംഗങ്ങളായ വിവി തിലകൻ, വിനു ജോൺസൺ നിവ്യ റിനീഷ്, സുനിത ഉണ്ണിമോൻ പഞ്ചായത്ത് സെക്രട്ടറി കെ കെ രാധകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു. എ.ഡി ആന്റു മാസ്റ്റർ അധ്യാപകദിന സന്ദേശം നൽകി പഞ്ചായത്ത് സീനിയർ മെമ്പറും അധ്യാപകനുമായ ഗംഗാധരൻ മാസ്റ്ററെ അധ്യാപക ദിനത്തിൻറെ ഭാഗമായി എം.എൽ എ പൊന്നാട നൽകി ആദരിച്ചു

അധ്യാപകനായ പ്രൊഫസർ സി രവീന്ദ്രനാഥിനെ മലായലയുടെ ആത്മകഥ പുസ്തകവും പേനയും സമ്മാനിച്ചു പഞ്ചായത്ത് പ്രസിഡൻറ് ആദരിച്ചു .മേജർ പി ജെ സ്റ്റൈജു സ്വാഗതവും അസിസ്റ്റന്റ് സെക്രട്ടറി എ.എസ് ആന്റോ നന്ദിയും രേഖപ്പെടുത്തി

ഒറ്റതവണ തീർപ്പാക്കൽ പദ്ധതിയും നിക്ഷേപ സമാഹരണവും 2026 സെപ്തംബർ 30 വരെ

തൃശ്ശൂർ: തൃശ്ശൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നീങ്ങുകയാണ്. കോർ ബാങ്കിങ് രീതിയിൽ ബന്ധിപ്പിച്ചിട്ടുള്ള കോർപ്പറേഷൻ പരിധിയിലെ 11 ശാഖകളിലും ലോക്കർ സൗകര്യങ്ങൾ ലഭ്യമാണ്. എല്ലാ മാസവും നടന്നു വരുന്ന പ്രതിമാസ നിക്ഷേപ പദ്ധതികളും വിജയകരമായി മുന്നേറുകയാണ്.

8 വർഷം കൊണ്ട് ഇരട്ടിയാകുന്ന സ്വയം വർദ്ധിനി നിക്ഷേപം സീനിയർ സിറ്റിസൺ സിനുള്ള ആകർഷക പദ്ധതിയുമാണ്. 8.5 % പലിശ കൊണ്ട് ബാങ്കിംഗ് മേഖലയിലെ ഏറ്റവും ഉയർന്ന നിരക്കാണ്. കഴിഞ്ഞ 20 വർഷം തുടർച്ചയായി 25 % ലാഭവിഹിതവും നൽകി വരുന്നുണ്ട്.

ഒറ്റതവണ തീർപ്പാക്കൽ
(ആശ്വാസം 2026)
സെപ്തംബർ 30 വരെ

സംസ്ഥാന സർക്കാരിന്റെ ആശ്വാസം 2026 പദ്ധതി പ്രകാരം വായ്പാ കുടിശ്ശികയിൽ പലിശയിനത്തിൽ ഇളവുകൾ അനുവദിക്കുന്ന ഒറ്റതവണ തീർപ്പാക്കൽ പദ്ധതി സെപ്തംബർ 30 വരെ നീട്ടിയിട്ടുണ്ട്. വായ്പയെടുത്ത് കുടിശ്ശിക വരുത്തിയവർ പ്രസ്തുത ആനുകൂല്യം പ്രയോജനപ്പെടുത്തണം.

വ്യാപാരിമിത്രം പ്രത്യേക
വായ്പാ പദ്ധതി

വ്യാപാരികൾക്കും വ്യവസായികൾക്കും സംരംഭകർക്കുമായുള്ള പ്രത്യേക വ്യാപാരിമിത്രം വായ്പാ പദ്ധതിക്ക് വലിയ സ്വീകാര്യത നേടാനായി ദിവസ കളക്ഷൻ സമ്പ്രദായവും 7 % പലിശ നിരക്കും വ്യാപാരി സമൂഹത്തിന് തീർത്തും അനുയോജ്യമാണ്.

തൃശ്ശൂർ ടൗണിലെ ആശുപത്രികളുമായി സഹകരിച്ചുള്ള പ്രിവിലേജ് കാർഡും, നീതി മെഡിക്കൽ സ്റ്റോറുമായി സഹകരിച്ച് ഡിസ്കൗണ്ട് കാർഡും നടപ്പായി കഴിഞ്ഞു. എട്ടിലധികം ഡോക്ടർമാരുടെ സേവനങ്ങളുമായി നീതി ഹെൽത്ത് കെയർ സെന്ററും സജീവമായി പ്രവർത്തിച്ചു വരുന്നു.

മരക്കൊമ്പ് പൊട്ടി വീണ് സ്കൂട്ടർ യാത്രക്കാരിക്ക് പരിക്ക്

കുന്നംകുളം: ചൂണ്ടൽ പാലത്തിന് സമീപം മരക്കൊമ്പ് പൊട്ടി വീണ് സ്കൂട്ടർ മറിഞ്ഞ് പരുക്കേറ്റ സ്കൂട്ടർ യാത്രക്കാരി എരനെല്ലൂർ മുളക്കൽ വീട്ടിൽ സജി ഭാര്യ ജെൻസി (27) യെ നാട്ടുകാർ ചേർന്ന് ചൂണ്ടൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ദീപാലങ്കാര സ്വിച്ച് ഓൺ കർമ്മം നിർവഹിച്ചു

കുന്നംകുളം: AD-52 ൽ വിശുദ്ധ മാർത്തോമാ ശ്ലീഹായാൽ സ്ഥാപിതമായതും വി. ദൈവമാതാവിന്റെ മാദ്ധ്യസ്ഥം പേറുന്നതുമായ ആർത്താറ്റ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ പരിശുദ്ധ ദൈവമാതാവിന്റെ ജനന പെരുന്നാൾ സെപ്റ്റംബർ 1 മുതൽ 8 വരെ.

പെരുന്നാളിനോടനുബന്ധിച്ചു സെന്റ് തോമസ് കുരിശുപള്ളിക്ക് മുൻപിൽ ഒരുക്കിയ വൈദ്യുത ദീപാലങ്കാര പന്തലിന്റെയും പള്ളി അങ്കണത്തിൽ ഒരുക്കിയ വൈദ്യുത ദീപാലങ്കാര പന്തലിന്റെയും സ്വിച്ച് ഓൺ കർമ്മം വികാരി ടി.സി ജേക്കബ് നിർവഹിച്ചു. സഹവികാരി ഫാ കുര്യാക്കോസ് ജോൺസൺ, കൈസ്ഥാനി റെജി സി.ഐ, സെക്രട്ടറി ഷാജി സി.സി,മറ്റ് മാനേജിംഗ് കമ്മിറ്റി അംഗങ്ങളും ആത്മീയ സംഘടനാ ഭാരവാഹികളും നിരവധി വിശ്വാസികളും സന്നിഹിതരായിരുന്നു.

ടോം ജോസ് അങ്കമാലിക്ക് നവതി സ്വീകരണം നല്കി

അങ്കമാലി : സാഹിത്യകാരനും സമസ്ത കേരള സാഹിത്യ പരിഷത്ത് സെക്രട്ടറിയും നേതൃത്വ പരിശീലകനും അധ്യാപകനും ആയിരുന്ന ടോം ജോസ് അങ്കമാലിക്ക് കേരള ഹിസ്റ്ററി കോൺഗ്രസും അങ്കമാലി പൗരാവലിയും ചേർന്ന് നവതി സ്വീകരണം നൽകി.

ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം ജോൺ ഉദ്ഘാടനം നിർവഹിച്ചു. ദശാബ്ദങ്ങളായി താൻ അടക്കം യുവാക്കൾക്കും വിദ്യാർത്ഥികൾക്കും നേതൃത്വ പരിശീലനവും മാർഗ്ഗദർശനവും നൽകി തലമുറകളെ വലിയ സ്ഥാനങ്ങളിലേക്ക് ഉയർത്തിയ ആചാര്യശ്രേഷ്ഠനായിരുന്നു ടോം ജോസ് എന്ന് മന്ത്രി പ്രസ്താവിച്ചു . മുനിസിപ്പൽ ചെയർപേഴ്സൺ റീത്ത പോൾ അധ്യക്ഷത വഹിച്ചു .അഡ്വ തോമസ് ഉണ്ണിയാടൻ എംഎൽഎ മുഖ്യ പ്രഭാഷണം നടത്തി. ഫ ജേക്കബ് പാലപ്പിള്ളി മംഗള പത്രം സമർപ്പിച്ചു.എം എം ബി ജനറൽ ബ്രദർ ബാസ്റ്റിൻ കരുവേലിൽ നവതി സ്മൃതി ഗ്രന്ഥം പ്രകാശനം ചെയ്തു .

മുൻമന്ത്രി ജോസ് തെറ്റയിൽ ആദ്യപ്രതി ഏറ്റുവാങ്ങി. പ്രൊഫ വി എ വർഗീസ്, ബേബി മൂക്കൻ, ഡോ. കുര്യാസ് കുമ്പളക്കുഴി, ഫാ ജേക്കബ് നാലു പറയിൽ , സിജോ പൈനാടത്ത്, എൻ വി സേവിയർ, പി എ തോമസ് പടയാട്ടിൽ, ഡേവിഡ് കണ്ണനായ്ക്കൽ, ഫാ സിജു ജോർജ്, അഡ്വ ജോർഫിൻ പെട്ട , ഷാജി മാലിപ്പാറ , ജോയി പോൾ, സിസ്റ്റർ ശോഭ, സ്വപ്ന ടോംസ്, ആശാ ടോം സ് തുടങ്ങിയവർ പ്രസംഗിച്ചു .

തുടർന്ന് വിവിധ സംഘടനകൾക്ക് വേണ്ടി ഉപഹാരങ്ങളും പൊന്നാടകളും സമ്മാനിച്ചു. ടോം ജോസ് മറുപടി പറഞ്ഞു. സ്നേഹ സൽക്കാരവും ഉണ്ടായിരുന്നു .

കുളത്തിൽ വീണു മരിച്ചു

കുന്നംകുളം: വടക്കേക്കാട്, കെട്ടുങ്ങൽ പീടികക്ക് കിഴക്ക് കാർത്തിപുള്ളി കുളത്തിൽ വീണ് 13കാരൻ മുങ്ങി മരിച്ചു.

വടക്കേ പുന്നയൂരിൽ താമസിക്കുന്ന കൊന്നാമാക്കൽ സുലൈമാൻകുട്ടി മകൻ മുഹമ്മദ് ഫർഹാൻ (13) ആണ് മരിച്ചത്. തൊഴിയൂർ റഹ്മത്ത് സ്കൂളിലെ ഒമ്പതാം ക്ലാസ് വിദ്യാർത്ഥിയായിരുന്നു

CHANGE OF NAME

I FASNI SHIHABUDHEEN HOLDER OF PASSPORT NO J0008559 DO HERE BY CHANGE THE NAME **FASNI RAYAMMARAKKAR ABDUL KADAR** FOR THE PURPOSE OF PASSPORT.

Sd/-
FASNI RAYAMMARAKKAR ABDUL KADAR

കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട സബ്ബ് കോടതി മുമ്പാകെ

POP: 18/2025, IA: 1/2026

പറവൂർ താലൂക്ക്. ഏഴിക്കര വില്ലേജ് ടി ദേശത്ത് പള്ളിയാക്കൽ മുറിയിൽ നികത്തിൽ സുരേന്ദ്രൻ ഭാര്യ 60 വയസ്സ് സ്വസ്ഥം സരസ.

-ഹർജിക്കാരി

കൊടുങ്ങല്ലൂർ താലൂക്ക്, എടവിലങ്ങ് വില്ലേജ് എടവിലങ്ങ് ദേശത്ത് തൊട്ടിപ്പുള്ളി സുജിത്ത് ഭാര്യ 44 വയസ്സ്, സെയിൽസ് ഗേൾ, വിജി

-4-ാം എതൃകക്ഷി

മേൽനമ്പറിൽ 4-ാം എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചു നടത്താൻ അനുവദിച്ച് മേൽനമ്പർ കേസ്സ് **14-09-2026** തിയ്യതിയിലേക്ക് വിച്ചാരണയ്ക്ക് വെച്ചിരിക്കുന്നു. ടി കാര്യത്തിൽ താങ്കൾക്ക് ഏതെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം കാലത്ത് 11 മണിക്ക് ബഹുമാനപ്പെട്ട കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നുള്ള വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന് 2026-ാമാണ്ട് ആഗസ്റ്റ് മാസം 31-ാം തിയ്യതി
ഹർജിഭാഗം അഡ്വക്കേറ്റ്:
അമ്പിളി ഗ്രെയ്സ് ജോൺ (ഒപ്പ്)